പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3462

21/12/2012-ൽ മറുപടിക്ക്

## കുടുംബശ്രീ പ്രസ്ഥാനം വിപുലീകരിക്കാൻ നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. ബേബി<br>ശ്രീ. കെ. ദാസൻ<br>ഡോ. കെ. ടി. ജലീൽ<br>ശ്രീ. എം. ഹംസ | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |
| (എ) കുടുംബശ്രീ പ്രസ്ഥാനം ഏതെല്ലാം നിലയിൽ ഇനി വിപുലീകരിക്കാം എന്ന് ആലോചിച്ചിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) മുൻസർക്കാരുകൾ തുടർന്നുവന്ന നയത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ; | (ബി) കഴിഞ്ഞ സർക്കാർ തുടർന്നുവന്ന പദ്ധതികളിലെ പാകപ്പിഴകൾ തിരുത്തി വിപുലപ്പെടുത്താനും പുതിയ പരിപാടികൾ ആവിഷ്ക്കരിക്കാനും കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീയുടെ സംഘകൃഷി പദ്ധതി എംകെഎസ്പിയുമായി സംയോജിപ്പിച്ച് കൃഷി വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പലിശ സബ്സിഡി പദ്ധതി, ആശ്രയ രണ്ടാംഘട്ട പരിപാടി തയ്യാറാക്കൽ, സംരംഭ വികസനത്തിനുള്ള പരിപാടികൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ ഇനിയും അംഗമാകാത്ത അതിദരിദ്രരുടെ അയൽക്കൂട്ട പ്രവേശനം എന്നീ കാര്യങ്ങളിൽ നടപടി പൂർത്തിയായിട്ടുണ്ട്. |
| (സി) ഇല്ലെങ്കിൽ കുടുംബശ്രീയ്ക്ക് തുല്യമായ സംവിധാനത്തിന് ശ്രമം നടത്തുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ ; കുടുംബശ്രീയ്ക്ക് നൂതന പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) 'ബി' പിരിവിലെ മറുപടിയുടെ അടിസ്ഥാനത്തിൽ കുടുംബശ്രീയ്ക്ക് തുല്യമായ സംവിധാനത്തിന് ശ്രമം നടത്തുന്നത് സംബന്ധിച്ച ചോദ്യം ഉദിക്കുന്നില്ല. കുടുംബശ്രീ മുഖേന നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) വിപുലമായ പ്രവർത്തന സാദ്ധ്യതകളാണ് കുടുംബശ്രീയ്ക്കുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ലഘുവായ്പ സമ്പാദ്യപദ്ധതിയെ തകർക്കുന്ന നടപടികളിൽ നിന്ന് പിൻതിരിയാൻ തയ്യാറാകുമോ ? | (ഡി) ഉണ്ട്. ലഘു വായ്പാ സമ്പാദ്യ പദ്ധതിയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ